# PONKUNNAM
# ST. THOMAS CHURCH



പുണ്യശ്ലോകനായ നി.വ.ദി.ശ്രീ. മിഖായേൽ മാർ ദിവന്നാസിയോസ് തിരുമനസ്സുകൊണ്ട് കോട്ടയം ഭദ്രാസനാധിപനായിരുന്ന കാലയളവിൽ കാലം ചെയ്ത പുണ്യശ്ലോകനായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് പാറത്തോട് ഗ്രേസി മെമ്മോറിയൽ ചർച്ചിൽ വികാരിയായി (ഫാ. പൗലോസ്) സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. പൊൻകുന്നത്തും പരിസര പ്രദേശത്തുമുള്ള ക്നാനായക്കാർ ഉൾപ്പെടെയുള്ള യാക്കോബായ സുറിയാനി സഭാ മക്കൾക്ക് ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു ദേവാലയം ഇല്ലായിരുന്നു. ബഹുമാനപ്പെട്ട പൗലോസച്ചൻ ഗ്രേസി മെമ്മോറിയൽ ചർച്ചിന്റെ ചുമതലയോടൊപ്പം പൊൻകുന്നത്ത് ഒരു പള്ളി പണിയുന്നതിന് ശ്രമം തുടരുകയും അനേകം യാതനകൾ സഹിച്ച് പൊൻകുന്നം മണിമല റോഡിൽ (പൊൻകുന്നത്തു നിന്ന് 1 കി.മി.) ശ്രീ. കോശി കോശി, ഗ്രേസി ബംഗ്ലാവ് ഇഷ്ടദാനമായി എഴുതിക്കൊടുത്ത 86 സെന്റ് സ്ഥലത്ത് മൈത്രിഭവൻ എന്ന പേരിൽ (അന്ന് സെന്റ്. മേരീസ് യാക്കോബായ സുറിയാനിപള്ളി) നിർമ്മാണം പൂർത്തിയാക്കി കൂദാശ ചെയ്ത് ആരാധന ആരംഭിച്ചു. വികാരിയായി ബഹുമാനപ്പെട്ട സക്കറിയാച്ചനെ (പാലാ) നിയമിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അച്ചൻ ശുശ്രൂഷയോടൊപ്പം പരിസര പ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടി ഹോമിയോ ചികിത്സ നടത്തിവരികയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട അച്ചനുശേഷം പ്രത്യേക ചില കാരണങ്ങളാൽ 12 വർഷത്തോളം ഈ ദേവാലയത്തിൽ ആരാധന മുടങ്ങുകയുണ്ടായി. 1986 ഫെബ്രുവരി 22, 23 തീയതികളിൽ (അന്ത്യോഖ്യാ സിംഹാസന ദിനത്തിൽ) അന്നത്തെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയന്റെ പ്രധാന കാർമ്മികത്വത്തിലും കോട്ടയം ഭദ്രാസനത്തിന്റെ പുണ്യശ്ലോകനായ പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സഹകാർമ്മികത്വത്തിലും കൂദാശ ചെയ്ത് ആരാധനയ്ക്കായി വീണ്ടും തുറന്നു കൊടുക്കപ്പെട്ടു.

1986 ഫെബ്രുവരി 23 മുതൽ ഫാ. ഗീവർഗീസ് കരിത്തലയ്ക്കൽ, ഫാ. ഗീവർഗീസ് തേക്കാനത്ത്, വെരി. റവ. ഇട്ട്യാടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ഫാ. ഫിലിപ്പ് പുത്തൻവീട്ടിൽ, ഫാ. ഏബ്രഹാം നേര്യന്തറ, വെരി. റവ. ഏബ്രഹാം കോറെപ്പിസ്കോപ്പ തടത്തിൽ, ഫാ. അജി മാത്യു ചെറിയാൻ കരിമ്പനയ്ക്കൽ, ഫാ. തോമസ് കുളത്തുങ്കൽ, ഫാ. തോമസ് കുര്യൻ കണ്ടാന്ത്ര, ഫാ. ഫീലിപ്പോസ് മാടത്തേട്ട്, ഫാ. തോമസ് ഏബ്രഹാം നേര്യന്തറ, ഫാ. തോമസ് പള്ളിയമ്പിൽ എന്നീ വൈദിക ശ്രേഷ്ഠർ സേവനമനുഷ്ഠിച്ചു വന്നു. ഇപ്പോൾ ഫാ. ജോസഫ് ജോൺ വെട്ടുകുഴി, ഫാ. തോമസ് കറുകപ്പടിയിൽ എന്നീ വൈദികർ സേവനമനുഷ്ഠിക്കുന്നു.

പൊൻകുന്നം കാഞ്ഞിരപ്പള്ളി വിഴിക്കത്തോട് പ്രദേശങ്ങളിലായി 35ഓളം ഇടവകാംഗങ്ങൾ ഈ ദേവാലയത്തിൽ ഉണ്ടെങ്കിലും കിലോമീറ്ററോളം അകലങ്ങളിൽ താമസിക്കുന്നതുകൊണ്ടും വാഹനസൗകര്യങ്ങളുടെ ദൗർലഭ്യം കൊണ്ടും എല്ലാ ഞായറാഴ്ചകളിലും ഇടവകാംഗങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ലഭിക്കാറില്ല. വി. കുർബ്ബാനയും അതേതുടർന്ന് പ്രാർത്ഥനായോഗവും സൺഡേസ്കൂളും നടത്തിവരുന്നു. ദേവാലയത്തോട് ചേർന്നുകിടക്കുന്ന പുരയിടത്തിലെ റബർമരങ്ങളിൽ നിന്നും ലഭിക്കുന്ന ആദായവും മാസവരിസംഖ്യയും കാണിക്കയുമാണ് പ്രധാന വരുമാന മാർഗ്ഗം. സ്വന്തമായി സെമിത്തേരി ഇല്ലാതിരുന്ന ഈ ദേവാലയത്തിൽ ഇടവകാംഗങ്ങളുടെ ശ്രമഫലമായി സെമിത്തേരി നിർമ്മിക്കുവാൻ സാധിച്ചുവെന്നത് ഇത്തരുണത്തിൽ സ്മരിക്കുന്നു. ഇടവകാംഗങ്ങളായ നിരവധി വ്യക്തികളുടെ ആത്മാർത്ഥമായ സഹകരണം കാലാകാലങ്ങളിൽ ഈ ദേവാലയത്തെ മുൻപോട്ട് നയിക്കുന്നതിൽ വളരെ സഹായിച്ചു വരുന്നു. അതോടൊപ്പം സുത്യർഹമായ സേവനമനുഷ്ഠിച്ച എല്ലാ വൈദികരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഭാഗ്യസ്മരണാർഹരായ കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെയും പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും പാവന സ്മരണയ്ക്കു മുൻപിൽ ഇടവകാംഗങ്ങൾ സാഷ്ടാംഗം വണങ്ങുന്നു. കോട്ടയം ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനി ഈ ദേവാലയത്തിന്റെ ഉന്നമനത്തിനുവേണ്ടി വളരെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ മുൻപാകെ ഭക്തിയും ആദരവും അറിയിക്കുന്നു. ദേവാലയത്തിന്റെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത വിശ്വാസികളായ ഏവർക്കും അഭയവും ആശ്രയവുമാകട്ടെ.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org